**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2827** **28-02-2023 - ൽ മറുപടിയ്ക്ക്**

**തൊണ്ടിമുതൽ മോഷണം പോയതിന്റെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും 2022 ൽ തൊണ്ടിമുതൽ മോഷണം പോയതിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളും തുടർന്ന് കുറ്റക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളും വിശദമാക്കാമോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുന്നതും മേൽനോട്ടം വഹിക്കുന്നതും ഏതൊക്കെ ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കാമോ; | (എ) | **തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും 2022-ൽ തൊണ്ടിമുതൽ മോഷണം പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒ.ആർ.9/16, 14/04 നമ്പർ കേസുകളിലെ തൊണ്ടിവകകൾ നഷ്ടമായെന്ന് 2022 വർഷത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിയിരുന്നു. എന്നാൽ ടി വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് കണ്ടതിനാൽ വനം വിജിലൻസ് വിഭാഗം ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു. അന്വേഷണം നടത്തുന്നതിന് ശ്രീമതി.നീതു ലക്ഷ്മി. ഐ.എഫ്.എസ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ) കോട്ടയത്തിന്റെ മേൽനോട്ടത്തിൽ വിജിലൻസ് വിഭാഗത്തിലെ മൂന്ന് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. തൊണ്ടി മുതലുകൾ കാണാതായത് സംബന്ധിച്ച് പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ശ്രീമതി.ദിവ്യ.എസ്.എസ്.റോസ്, ശ്രീ.ആർ.വിനോദ് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.9/16, 14/04 നമ്പർ കേസുകളിലെ തൊണ്ടിവകകൾ കാണാതായതായി 2022-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.റ്റി.എഫ്.ഷാജിജോസിനെതിരെയും സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടതായി പോലീസിൽ പരാതി നൽകി ഒരാഴ്ചയ്ക്കുള്ളിൽ റേഞ്ച് ആസ്ഥാനത്ത് നിന്നും അവ കണ്ടെടുത്തിരുന്നോ; | (ബി) | **തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.09/2016 നമ്പർ കേസിലെ തൊണ്ടി വകകൾ നഷ്ടപ്പെട്ടത്** |

| | | | |
|---|---|---|---|
| | മോഷണം പോയവ തന്നെയാണ് കണ്ടെടുത്തതെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ആര് എന്ത് ശാസ്ത്രീയാടിസ്ഥാനത്തിലാണ് സ്ഥിരീകരിച്ചതെന്ന് വിശദമാക്കുമോ; | | **ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 03.07.2022-ൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുതിരുന്നു. ആയതിന് ശേഷം കൂടുതൽ പരിശോധനയിൽ 06.07.2022-ൽ റെയിഞ്ച് തൊണ്ടി റൂമിൽ നിന്നും ടി തൊണ്ടിവകകൾ കണ്ടെടുത്തിരുന്നു. ടി തൊണ്ടിവകകളുടെ ആധികാരികത കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശോധിക്കുന്നതിലേക്ക് വേണ്ടി ഫോറസ്റ്റ് ഒഫൻസ് കോടതി, നെടുമങ്ങാടിൽ നിന്നും ലഭ്യമാക്കുന്നതിന് പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ബഹു. കോടതി മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ട്.** |
| (സി) | പരുത്തിപ്പള്ളി റെയിഞ്ചിൽ നാളിതുവരെ നടന്ന ഒ.ആർ. കേസുകളിൽ തൊണ്ടിമുതൽ നഷ്ടപ്പെട്ട വിഷയത്തിൽ പോലീസ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുള്ള വന ആസ്ഥാനത്തെ ഫയലിൽ തിരിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ? | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല** |

സെക്ഷൻ ഓഫീസർ